# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3019 — 18.10.2016 – ലെ മറുപടിക്ക്

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ഡോ. ടി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

<u>വിദ്യാഭ്യാസ മേഖലയിൽ നിയമന നിരോധനം</u>

<table>
<tr><td>(എ)</td><td>സംസ്ഥാനത്ത് നിയമന നിരോധനം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണെന്ന് വിശദമാക്കുമോ;</td><td>ഈ സർക്കാർ അധികാരം ഏറ്റെടുത്തതിനുശേഷം സംസ്ഥാനത്ത് നിയമന നിരോധനം പ്രാബല്യത്തിലില്ല.</td></tr>
<tr><td>(ബി)</td><td>വിദ്യാഭ്യാസ മേഖലയിൽ, പ്രത്യേകിച്ച് പൊതുവിദ്യാഭ്യാസ മേഖലയിൽ പുതിയ തസ്തികകൾ അനുവദിക്കില്ലെന്ന പ്രഖ്യാപനം നിയമന നിരോധനമായി മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td rowspan="2">സംസ്ഥാനത്ത് നിലവിൽ നിയമന നിരോധനമില്ല. വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനായി സമ്പൂർണ്ണമായ വാണിജ്യവൽക്കരണമെന്ന മുൻ സർക്കാരിന്റെ നയമല്ല ഈ സർക്കാരിന്റേത്. മറിച്ച് പൊതു വിദ്യാലയങ്ങളെ ശക്തിപ്പെടുത്തി അന്തർദേശീയ നിലവാരത്തിലേക്കുയർത്തുക എന്നതാണ് സർക്കാരിൻറെ പ്രഖ്യാപിത ലക്ഷ്യം.ഉന്നതവിദ്യാഭാസ മേഖലയിലടക്കം മേൽ ലക്ഷ്യം കൈവരിക്കുവാൻ ആവശ്യമായ നടപടികൾ ബജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസരംഗത്തെ സംരക്ഷിക്കുവാൻ വേണ്ടി വിദ്യാഭ്യാസ വകുപ്പിനെ നിയമന നിരോധനത്തിൽ നിന്നും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ